**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1411   20.01.2014 - ൽ മറുപടിക്ക്**

**നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുന്നതിനായി**

**സ്ഥലമെടുപ്പ് ജോലികൾ**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുന്നതിനായി പ്രസ്തുത റോഡിന്റെ വീതി 45 മീറ്ററെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് ജോലികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) ആരംഭിച്ചിട്ടുണ്ട്. എൻ.എച്ച്. 47 - ലെ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള 4 വരിപ്പാതയാക്കലിനും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ 6 വരി പാതയാക്കലിനും കരാർ നൽകി കഴിഞ്ഞിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ്. എൻ.എച്ച്. 47 ൽ ചേർത്തല മുതൽ കഴക്കൂട്ടം വരെ അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ നിലവിലുണ്ട്. ഈ ഭാഗത്ത് എൻ.എച്ച്. ആക്ട് 1956 -ൽ പ്രതിപാദിക്കുന്ന പ്രകാരം 3A(1) |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ രണ്ടു പ്രാവശ്യം പ്രസിദ്ധീകരിച്ചുവെങ്കിലും നിശ്ചിത കാലാവധിക്കുള്ളിൽ അതായത് 3A(1) പ്രസിദ്ധീകരിച്ചതു മുതൽ ഒരു വർഷത്തിനുള്ളിൽ 3D സർവ്വേ പൂർത്തിയാക്കാത്തതിനാൽ വിജ്ഞാപനം കാലഹരണപ്പെട്ടു. |
| (സി) | എൻ.എച്ച്. 47 നാലുവരി പാതയ്ക്കുവേണ്ട സ്ഥലമെടുപ്പ് ജോലികളിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Salitha

സെക്ഷൻ ഓഫീസർ